കോഴിക്കോട്ടെ ടീ ബി മീറ്റ് വേദി. അടുത്തത് ഒരു സ്കിറ്റ് ആണ്, ശ്രീ സതീഷും സംഘവും അവതരിപ്പിക്കുന്നു... എന്ന് അനൗൺസ്മെന്റ് കേട്ടപ്പോൾ കാണികൾ ഒന്നിളകിയിരുന്നു.

ഒരു തറവാടിന്റെ ഉമ്മറത്തേക്ക് കാണികളെ കൂട്ടികൊണ്ട് പോയ ലഘുനാടകവേദിയിലേക്ക് റിട്ടയർ ചെയ്ത് വീട്ടിൽ ഇരിക്കുന്ന ആളായി സതീഷ് സാറും പിറകേ മരുമകളായി ദിവ്യയും കടന്നുവന്നു. ദിവ്യ വേദി വിട്ടശേഷം കടന്ന് വന്നത് കുടുംബനാഥന്റെ സുഹൃത്തായി മോഹൻദാസ് ആണ്. അവരുടെ കുശലങ്ങൾക്കും കളിയാക്കലുകൾക്കും ഇടയിലേക്കാണ് വീട് വീടാന്തരം വില്പനക്കെത്തുന്ന പെൺകുട്ടിയായി ഒരു പുതുമുഖം എത്തിയത്. ഓരോ നിമിഷം കഴിയും തോറും അഭിനയത്തിന്റെ പടവുകൾ മുകളിലേക്ക് കയറിക്കൊണ്ടിരുന്ന പെൺകുട്ടി ആരാണ് എന്ന് പലരും അന്യോന്യം അന്വേഷിക്കുന്നുണ്ടായിരുന്നു. ഇനി സതീഷ് സാർ കൂട്ടിക്കൊണ്ട് വന്ന വല്ല പ്രൊഫഷണൽ നടിയും ആകുമോ? എന്ന് ചിലർ സംശയിച്ചപ്പോൾ ബാങ്ക് ജീവനക്കാരല്ലാതെ ആരും നമ്മുടെ പരിപാടികളിൽ പങ്കെടുക്കാറില്ലല്ലോ? എന്ന് ചിലർ മറുചോദ്യം എറിഞ്ഞു.

തന്നെ കുടുക്കാൻ ശ്രമിച്ച ആ ചങ്ങാതിമാരെ തന്റെ തന്ത്രങ്ങളിലൂടെ തന്റെ വിപണനത്തിന്റെ ഭാഗമാക്കി മാറ്റിയ വിൽപ്പനക്കാരിയുടെ റോൾ അനിതരസാധാരണമായ അഭിനയപാടവത്തിലൂടെ അവിസ്മരണീയമാക്കിയ ആ നടിയാണ് ഇന്നത്തെ നമ്മുടെ ദളമായി ഇവിടെ എത്തുന്നത്.

രാഖി നായർ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുമംഗലം ശാഖ.

ആയുർവേദ ഭിഷഗ്വരനായ ശ്രീ ജി രവീന്ദ്രൻ നായരുടെയും രമാദേവിയുടെയും രണ്ട് പെൺകുട്ടികളിൽ ഇളയവൾ. അച്ഛനും അമ്മയും തിരുവനന്തപുരം സ്വദേശികൾ. അച്ഛന്റെ അച്ഛൻ ശ്രീ ഗോപാലൻ നായർ ആകാശവാണിയിലെ നാടക കലാകാരൻ ആയിരുന്നു.

റേഡിയോ നാടകങ്ങൾക്ക് ആരാധകർ ഏറെ ഉണ്ടായിരുന്ന കാലത്ത് ടി എൻ ഗോപിനാഥൻ നായർ,
ടി ആർ സുകുമാരൻ നായർ,
വീര രാഘവൻ നായർ,
പി കെ വിക്രമൻ നായർ
തുടങ്ങിയവരോടൊപ്പം ആകാശവാണിയിലെ പ്രമുഖ നാടകങ്ങളിൽ മിന്നിത്തിളങ്ങിയ ഗോപാലൻ നായർ നടന വൈഭവം മക്കൾക്കും കൊച്ചുമക്കൾക്കും ഒക്കെ പകർന്നുകൊടുത്തു.

അച്ഛന്റെ ജോലിസംബന്ധമായി രാഖിയുടെ കുട്ടിക്കാലം മദ്ധ്യതിരുവിതാംകൂറിൽ ആയിരുന്നു. വെണ്ണിക്കുളം സെയിന്റ് തോമസിലും കോഴഞ്ചേരി സെയിന്റ് മേരീസിലുമായി ഏഴാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസം. അക്കാലത്തു പാട്ട്, ഡാൻസ്, നാടകം, പദ്യപാരായണം, കായികമത്സരങ്ങൾ തുടങ്ങി താൻ പങ്കെടുക്കാത്ത ഇനങ്ങൾ സ്കൂളിൽ ഇല്ലായിരുന്നു എന്ന് രാഖി. കൈനിറയെ സമ്മാനങ്ങളുമായാണ് ഓരോ സ്കൂൾ വർഷവും അവസാനിക്കുക. ഇതിനിടെ വീട്ടിൽ വന്ന് പഠിപ്പിക്കുന്ന ഒരു ടീച്ചർ വഴി ഭാരതനാട്യവും മോഹിനിയാട്ടവും പഠിക്കുകയും ചെയ്തു.

രാഖിയുടെ സഹോദരി രോഷ്നി നിയമപഠനത്തിന് തിരുവനന്തപുരം ലോ അക്കാദമിയിൽ ചേർന്നതോടെ രാഖിയുടെ പഠനം തിരുവനന്തപുരം നഗരത്തിലേക്ക് പറിച്ചു നടപ്പെട്ടു.
തിരുവനന്തപുരം നിർമലഭവനിൽ ഹൈസ്കൂൾ വിദ്യാഭ്യാസം, തുടർന്ന് ഓൾ സെയ്ന്റ്സ്, മാർ ഇവാനിയോസ് എന്നിവടങ്ങളിലൂടെ കടന്ന് ചെന്നൈ വിമൻസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ബയോടെക്നോളജിയിൽ ബിരുദാനന്തരബിരുദം.
കോളേജ് കാലങ്ങളിൽ തന്റെ കലാസപര്യ അഭിനയം എന്ന മേഖലയിൽ കൂടുതൽ ശ്രദ്ധയോടെ പരിപോഷിപ്പിക്കാൻ രാഖി ശ്രദ്ധ പതിപ്പിച്ചു. നാടകം, ഏകാംഗഅഭിനയം എന്നിവയിലായി കൂടുതൽ താല്പര്യം.

പഠിച്ച വിഷയവുമായി ബന്ധപ്പെട്ട് തോംസൺ റോയിട്ടേഴ്സ് എന്ന സ്ഥാപനത്തിൽ അനലിസ്റ്റ് ആയാണ് രാഖിയുടെ ഔദ്യോഗിക ജീവിതം തുടങ്ങുന്നത്.
അവിടത്തെ കാലഘട്ടത്തിൽ നാടകവും നൃത്തവും ഒക്കെ ജീവിതത്തിൽ സജീവമായി തന്നെ നിന്നു. നല്ലൊരു സംഘാടക ആയി മാറാനും അക്കാലം സഹായിച്ചു.

2012ൽ പ്രൊബേഷനറി ഓഫീസർ ആയാണ് ബാങ്ക് ജീവിതം ആരംഭിക്കുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി ശാഖയിൽ.
ഇനി രാഖിയുടെ വാക്കുകളിലേക്ക്

"അന്ന് ഒരിക്കൽ RASMECC ൽ ഡെപ്യൂട്ടേഷനിൽ ചെല്ലുമ്പോഴാണ് അന്നത്തെ കലാപ്രതിഭ സതീഷ് സാറിനെ പരിചയപ്പെടുന്നത്. നാടകമെഴുത്തും സംവിധാനവും അഭിനയവും ഒക്കെ കൊണ്ട് ശ്രദ്ധേയനായി മാറിയിരുന്നു അദ്ദേഹം. സാറിനെ ആരാധനയോടെ പരിചയപ്പെടുമ്പോൾ ഒരാഗ്രഹം കൂടി അദ്ദേഹത്തോട് ഉണർത്തിച്ചു. സാർ ഇനി നാടകം ചെയ്യുമ്പോൾ എന്നെ കൂടി ചേർക്കണേ.."

അതേക്കുറിച്ച് സതീഷ് സാർ പറഞ്ഞത് ഇങ്ങനെ "രാഖി എന്നോട് അഭിനയിക്കാൻ കൂട്ടണേ എന്ന് പറയുമ്പോൾ തന്നെ ആ കുട്ടിയിൽ ഒരു

നടി ഉണ്ടെന്ന് ഞാൻ മനസ്സിലാക്കി. ആ കുട്ടിയുടെ കുടുംബകാര്യങ്ങൾ ചോദിക്കുമ്പോഴാണ് അത് ഗോപാലൻ നായരുടെ കൊച്ചുമകൾ ആണെന്ന് തിരിച്ചറിയുന്നത്. എന്റെ അച്ഛൻ നാടകത്തിനുവേണ്ടി ജീവിച്ച ആളാണ്. ശ്രീവരാഹം അച്യുതൻ നായർ. അദ്ദേഹം നിയമസഭയിൽ എഡിറ്റർ ആയിരുന്നു. അച്ഛന്റെ ഒപ്പം സജീവമായി പ്രവർത്തിച്ച ആളാണ് രാഖിയുടെ ഇളയച്ഛൻ ശ്രീകുമാരൻ നായർ, മാത്രവുമല്ല രാഖിയുടെ അച്ഛൻ ഡോക്ടർ ആണെങ്കിൽ കൂടി നല്ലൊരു അഭിനേതാവ് കൂടിയാണ്. അപ്പോൾ സ്വാഭാവികമായും രാഖിയിൽ ആ വാസന ഉണ്ടാകും എന്നെനിക്കുറപ്പായിരുന്നു. എന്നാൽ പിന്നീട് ഞാൻ ഒരു നാടകം തയാറാക്കി അന്വേഷിക്കുമ്പോൾ രാഖി ജോലി സംബന്ധമായി ചെന്നൈക്ക് പോയിരുന്നു. ലീവിൽ വന്ന് എന്റെ ഉദ്യമത്തിൽ പങ്കാളി ആകാം എന്ന് പറഞ്ഞെങ്കിലും ഞാൻ വിലക്കുകയായിരുന്നു".

2013ൽ ശ്രീ ശബരിനാഥ് രാഖിയെ തന്റെ ജീവിതത്തിലേക്ക് കൂട്ടുമ്പോൾ അദ്ദേഹം ചെന്നൈയിൽ ജോലി നോക്കുകയായിരുന്നു.

അതോടെ രാഖിയും തന്റെ ഔദ്യോഗികജീവിതം ചെന്നൈയിലേക്ക് പറിച്ചുനട്ടു. അവിടെയും കലയെ കൈവിടാൻ മനസ്സ് വന്നില്ല രാഖിക്ക്. അസോസിയേഷൻ പ്രവർത്തനങ്ങളിലും കലാപ്രവർത്തനങ്ങളിലും സജീവമായതോടൊപ്പം സംഘാടനവും മികച്ച നിലയിൽ തന്നെ മുന്നോട്ട് കൊണ്ടുപോകാൻ ചെന്നൈ ജീവിതം സഹായകമായി.

2019ൽ ആണ് ടാലന്റഡ് ബാങ്കേഴ്സ് എന്ന ഗ്രൂപ്പ് രാഖിയുടെ ശ്രദ്ധയിൽ വരുന്നത്. അതിൽ ചേർന്നെങ്കിലും ഇതെന്താണ് എന്നറിയാനുള്ള കൗതുകമാണ് രാഖിയെ ആലുവയിൽ എത്തിച്ചത്. ഒരു നിശബ്ദനിരീക്ഷകയായി അതിൽ പങ്കെടുക്കുമ്പോഴും ഒരു പരിപാടിയുമായി ടീ ബി വേദിയിൽ എത്തും എന്ന് രാഖി ചിന്തിച്ചതേയില്ല.

ചെന്നൈ തിരുമംഗലം ശാഖയിൽ മാനേജർ ആയി ഇരിക്കുമ്പോഴാണ് മകൻ ഇഷാന്റെ ജനനം. മകനെ കൂടുതൽ ശ്രദ്ധിക്കാനാണ് രാഖി നീണ്ട ഒരവധിയിൽ പ്രവേശിച്ച് തിരുവനന്തപുരത്ത് എത്തിയത്. ആ സമയത്താണ് കോഴിക്കോട് മീറ്റിന് മുന്നോടിയായി തിരുവനന്തപുരം ചാപ്റ്റർ ഒരു മീറ്റിംഗ് കൂടുന്ന വിവരം അറിഞ്ഞത്. അവിടെ കോഴിക്കോട് പരിപാടികളെക്കുറിച്ച് ചർച്ച നടന്നപ്പോൾ സതീഷ് സാറിന്റെ സ്കിറ്റും ചർച്ചയിൽ എത്തി. പഴയ ഒരു വാക്ക് നല്കലിന്റെ ഓർമപ്പെടുത്തലിൽ ആ സ്കിറ്റിലേക്ക് രാഖിയും തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ വലിയ ഒരാഗ്രഹത്തിന്റെ പൂർത്തീകരണം ആയി രാഖി വേദിയിലൂടെ കാണികളുടെ ഹൃദയത്തിലേക്ക് ചേക്കേറി.

അതേതുടർന്നു മറ്റ് നാല് വേദികളിൽ കൂടി ഈ ടീം സ്കിറ്റ് അവതരിപ്പിച്ചു. ഓരോ വേദിയിലും സമകാലിക വിഷയങ്ങൾ ചേർത്ത് സതീഷ് സാർ നാടകത്തെ പുതുക്കികൊണ്ടിരിക്കുന്നത് കൊണ്ട് ഒരു വേദിയിൽ നാടകം

കണ്ട ആൾ മറ്റൊരിടത്ത് കാണുമ്പോൾ മടുപ്പ് അനുഭവിക്കാറേ ഇല്ല എന്ന് രാഖി.

ഒരു വേദിയിൽ ഇന്ത്യയിലെ തന്നെ മികച്ച സംഘാടകനായ സൂര്യ കൃഷ്ണമൂർത്തി നാടകം ആസ്വദിച്ചു കണ്ടതും നാടകശേഷം നേരിൽ കണ്ട് അഭിനന്ദനം അറിയിച്ചതും ഹൃദയത്തിൽ ചേർത്ത് വച്ച നിമിഷങ്ങൾ ആണ് രാഖിക്ക്.

സ്കോട്ട്ലണ്ടിൽ യൂ കെ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ ഡയറക്ടർ ആയി ജോലി ചെയ്യുകയാണിപ്പോൾ ശബരിനാഥ്. അത് കൊണ്ട് തന്നെ മകന്റെ കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുക, ജോലിയിൽ ശോഭിക്കുക ഇതിനെല്ലാം ഒപ്പം തന്റെ നാടകമോഹങ്ങളെ നെഞ്ചോട് ചേർത്ത് പിടിക്കുക. ഇതൊക്കെയാണ് രാഖിയുടെ സ്വപ്നങ്ങൾ. ഈ സ്വപ്നങ്ങൾ പൂത്ത് തളിർക്കട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ഹൃദയപൂർവം ആശംസിക്കുന്നു.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

---------------------------------------------------------------------------------------------

The fourth TB Meet at Kozhikode… all waited eagerly for Satheesh and friends' skit. Satheesh sir acted as a retired person relaxing in his courtyard and Divya as his daughter-in-law. As Divya left the stage, Mohandas entered as Satheesh sir's friend. While they chit-chatted, a girl not known to many there, came onto the stage as a hawker. Her acting was marvellous enough to make all heads turn to her – many wondered if she were a professional actor. This natural actor is today's Talented Banker.

Rakhee Nair
State Bank of India
Tirumangalam Branch

She is the younger of the two daughters of Ayurvedic doctor Shri. G. Raveendran Nair, and Ramadevi, both belonging to Thiruvananthapuram. Her paternal grandfather - Shri. Gopalan Nair - was a drama artist in Akasavani, who shone bright among other radio drama artists of the time like T.N. Gopinathan Nair, T.R. Sukumaram Nair, Veera Raghavan Nair, and P.K. Vikraman Nair.

She spent her school days till her 7th grade in Vennikulam St. Thomas School and Kozhencheri St. Mary's School. While there, she participated in song, dance, drama, poetry recitation and sports events and brought home heaps of prizes every year.

When her sister Roshni joined the Thiruvananthapuram Law Academy, Rakhi too shifted to Thiruvananthapuram. She completed her schooling from Nirmala Bhavan, college education from All Saints, Mar Ivanios and Chennai Women's Christian College (MSc Biotechnology). During her college years, she concentrated on acting – and participated mainly in dramas and monoacts.

She started her career as an analyst in Thomson Reuters Corporation, and excelled in organizing events in addition to being a pro at dance and drama events.

She joined the State Bank of Travancore as a 2012 batch probationary officer, in its Puthukurichi branch. Rakhee says, "I met the then Kalaprathibha, Satheesh sir, while on a deputation to RASMECC. By then, he had become famous through his excellent script writing, direction and acting in various dramas. I had only one request – to let me act in his next drama."

While questioned about this, Satheesh revealed thus: "When she expressed her desire to act, I saw the actor in her. On discussing family matters, I came to know she was the granddaughter of Gopalan Nair. My father, Srivaraham Achyuthan Nair, lived for his passion for drama. Rakhee's paternal uncle was a close associate of my father when he was an editor in the Kerala Legislative Assembly. I also know that Rakhee's father is an excellent actor as well as a doctor. So, acting would be in her genes. But by the time I got a drama ready, she had been transferred to Chennai. Though she agreed to come and act, taking leave from work, I told her not to."

Rakhee got married to Shri. Sabarinath who was then working in Chennai. She too joined him there after marriage. Even there, she held her art close to her heart. She became very active in the association and cultural activities, being good at organizing.

In 2019 Rakhee joined the Talented Bankers group, and her curiosity brought her to our Aluva meet as a mute spectator. At that moment, acting on the TB stage was not in the wildest of her dreams.

Her son Ishan was born when she was the Manager at the Chennai Thirumangalam branch. She took a long leave to care for her son, and came to Thiruvananthapuram. There she got aware of the Thiruvananthapuram chapter meeting in preparation for the Kozhikode meet. Satheesh sir's skit also was discussed there. And the promise given long back to Rakhee, came true. And later, the team performed the same skit in 4 more stages. Rakhee says that a person watching the skit on all the stages would still find something new each time as Satheesh sir keeps improvising it by including current events.

She cherishes the memory of the famous Soorya Krishnamoorthy, the organiser for Soorya Festival, enjoying her drama, and later personally appreciating her at the backstage.

Sabarinath is the admission director at the UK University, Scotland. So Rakhee is devoting her

time to take care of her son, to excel in her profession… and to keep the desire to act alive! We take this opportunity to wish her all the very best in all her endeavours.